പാഠ്യപദ്ധതി അഞ്ചാം ക്ലാസ്സ് മുതൽ ഇംഗ്ലീഷ് മീഡിയത്തിലും ഉണ്ട്; അഞ്ചാം ക്ലാസ്സ് മുതൽ നടപ്പാക്കുന്നുണ്ട്.

5 (*315) പട്ടികവർഗ്ഗ കോളനികളിലെ ആരോഗ്യ പരിരക്ഷ

ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികളിലെ കുടുംബാംഗങ്ങൾക്ക് വേണ്ടി യുള്ള ആരോഗ്യ പരിരക്ഷയുടെ ഭാഗമായി എന്തെല്ലാം ചികിത്സാ സംവിധാന ങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ട്രൈബൽ മേഖലയിൽ ഏർപ്പെടുത്തിയിട്ടുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന പരാതി സർക്കാ രിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(സി) ഇതിന്റെ പ്രവർത്തനത്തിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള യൂണിറ്റിന്റെ ഘടന വ്യക്തമാക്കുമോ;

(ഡി) ഈ യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃ ഷ്ണൻ) :

(എ) പട്ടികവർഗ്ഗ കോളനികളിലെ കുടുംബാംഗങ്ങളുടെ ആരോഗ്യ പരിരക്ഷയ്ക്കായി താഴെപ്പറയുന്ന ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു:

ആയുർവേദ ഡിസ്പെൻസറികൾ	-	17
ആയുർവേദ ആശുപത്രി	-	1
മിഡ്വൈഫറി സെന്റർ	-	3
അലോപ്പതി ഡിസ്പെൻസറി	-	1
സഞ്ചരിക്കുന്ന ചികിത്സാ ഘടകം	-	2

കൂടാതെ വയനാട് ജില്ലയിൽ ഒരു ഹെൽത്ത് പ്രോജക്ടും അട്ടപ്പാടി യിൽ എല്ലാ സൗകര്യങ്ങളുമുള്ള ഒരു സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭി ക്കുന്നതിന്റെ ഭാഗമായി ഒരു ഔട്ട് പേഷ്യന്റ് വിഭാഗവും പ്രവർത്തിക്കുന്നു. ഇടു ക്കിയിൽ എല്ലാ സജ്ജീകരണങ്ങളുമുള്ള ഒരാശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിൽ സോഷ്യൽ വെൽഫെയർ, വനം, ആരോഗ്യം എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ മെഡിക്കൽ ന്യൂട്രീഷൻ ക്യാമ്പുകൾ നടത്തുകയുണ്ടായി. ടി.ബി., ലെപ്രസി എന്നീ രോഗ ങ്ങളെക്കുറിച്ച് സർവ്വേ നടത്തി മരുന്നുകൾ വിതരണം നടത്തിയിട്ടുണ്ട്. ഇതിനു പുറമേ 13 മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) തൊടുപുഴ, നെടുമങ്ങാട് എന്നിവിടങ്ങളിലായി രണ്ട് മെഡി ക്കൽ യൂണിറ്റുകൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കു ന്നുണ്ട്. നെടുമങ്ങാട് യൂണിറ്റിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട,

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലകളുടേയും അധികാരപരിധിയുണ്ട്. ഓരോ യൂണിറ്റിലും ആരോഗ്യ വകുപ്പിൽനിന്നും നിയമിക്കുന്ന ഡോക്ടർ, ഫാർമസിസ്റ്റ്, നഴ്സ്, പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും നിയമിക്കുന്ന അറ്റന്റർ, ഡ്രൈവർ, ക്ലീനർ, പാർട്ട്ടൈം സ്വീപ്പർ എന്നീ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(ഡി) വാഹനം ലഭ്യമാക്കുക, മരുന്നിന്റെ അളവ് വർദ്ധിപ്പിക്കുക, തക്ക സമയത്ത് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക, ആരോഗ്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവന്ന് യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചുവരുന്നു.

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : സർ, മൊബൈൽ യൂണിറ്റുകൾക്ക് നൽകിയിരിക്കുന്ന വാഹനങ്ങൾ കാലപ്പഴക്കം ചെന്നവയായതിനാൽ ഈ യൂണിറ്റുകൾ കൃത്യമായി പ്രവർത്തിക്കുന്നില്ല. ഈ വസ്തുത കണക്കിലെടുത്ത് ഇത്തരം യൂണിറ്റുകൾക്ക് പുതിയ വാഹനങ്ങൾ നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : കാലപ്പഴക്കം ചെന്ന വാഹനങ്ങൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : സർ, ഈ വകുപ്പിന്റെ കീഴിൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നത് എവിടെയൊക്കെയാണ്? ഇവയ്ക്കുവേണ്ടി പ്രതിവർഷം എത്ര രൂപ ചെലവാക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, രണ്ട് സ്ഥലത്താണ്, ഒന്ന് നെടുമങ്ങാടും മറ്റൊന്ന് തൊടുപുഴയിലുമാണ്. അതുപോലെതന്നെ ഈ വകുപ്പിന്റെ കീഴിൽ വേറെയും 13 മൊബൈൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. അതിനുവേണ്ടി ഓരോ വർഷവും ചെലവാക്കുന്ന സംഖ്യയെ സംബന്ധിച്ച് പ്രത്യേകം ചോദ്യം ചോദിക്കണം.

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : സർ, സാധാരണയായി പട്ടികവർഗ്ഗ കേന്ദ്രങ്ങളിൽ ജനങ്ങൾക്ക് എത്താൻ വളരെ ബുദ്ധിമുട്ടാണ്. പട്ടികവർഗ്ഗ കേന്ദ്രങ്ങൾ വളരെ വലിയ കുന്നിന്റെ മുകളിലൊക്കെയായതുകൊണ്ട് അവരുടെ ഊരുകളിൽ രോഗം പിടിപെട്ടാൽ പുറത്തറിയാത്ത സ്ഥിതിയാണ്. പത്രത്തിലൂടെയൊക്കെ മരണം സംഭവിച്ച വാർത്ത വരുന്ന അവസരത്തിലാണ് പല പ്പോഴും അക്കാര്യം ആളുകളുടെ ശ്രദ്ധയിൽപ്പെടുന്നത്. ആ ഒരു സ്ഥിതിവിശേഷം കണക്കിലെടുത്ത് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ ആരായാലും മാസത്തിൽ ഇത്രതവണയെങ്കിലും ഊരുകൾ സന്ദർശിക്കണമെന്ന നിബന്ധന വയ്ക്കാൻ തയ്യാറാകുമോ? അത് പാലിക്കുന്നുണ്ട് എന്നു ഉറപ്പുവരുത്താൻ ഫലപ്രദമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ആരോഗ്യവകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് വിവിധ ഏജൻസികളുമൊക്കെ സംയുക്തമായി എല്ലാ റിമോട്ട് ഏരിയകളിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയാണ്. അവർക്ക് വേണ്ട സമയത്ത് ചികിത്സാ സൗകര്യം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതോടൊപ്പംതന്നെ റിമോട്ട് ഏരിയകളിൽ 13 യുവതീയുവാക്കളെ തെരഞ്ഞെടുത്ത് അവർക്ക് രോഗങ്ങളെ സംബന്ധിച്ചും മറ്റുമുള്ള സാമൂഹിക കാര്യങ്ങളിൽ പരിശീലനം കൊടുത്ത് അവരുടെ സേവനംകൂടി ഉപയോഗപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.പി. ബാലൻ വൈദ്യർ : ഇവരുടെ ഇടയിൽ പ്രവർത്തിക്കാൻ ട്രൈബൽ വോളന്റിയർമാർ എന്ന നിലയ്ക്ക് ഒരു വിഭാഗത്തെ ഒരു ചെറിയ സംഖ്യ കൊടുത്ത് ഗവൺമെന്റ് സംഘടിപ്പിച്ചിരുന്നു. 500 രൂപയാണ് അവർക്ക് കൊടുക്കുന്നത്. കൊടുക്കുന്ന കാശ് ചായ കുടിക്കാൻപോലും തികയുകയില്ല. ട്രൈബൽ വോളന്റിയർമാരെ അവരുടെ ഇടയിൽനിന്നുതന്നെ കണ്ടെത്താനും അവർക്കു ജീവിക്കാനുള്ള ഒരു വരുമാനം എന്നുള്ള നിലയ്ക്ക് ഫലപ്രദമായ രീതിയിൽ പ്രതിഫലം കൊടുത്ത് അവരുടെ ഊരുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കത്തക്ക വിധത്തിലുള്ള ഒരു സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : കഴിഞ്ഞ വർഷംമുതൽതന്നെ ആ സ്കീം നടപ്പാക്കിവരികയാണ്. കഴിഞ്ഞ വർഷം 300 വോളന്റിയർമാരെ തെരഞ്ഞെടുത്തു. അതിൽ അട്ടപ്പാടിയിൽ 150 പേരെയും വയനാട്ടിൽ 150 പേരെയും നിയമിച്ചു. വോളന്റിയേഴ്സിന് 1000 രൂപ വീതം ഓണറേറിയം നൽകുന്നുണ്ട്. അത് മറ്റു ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. വർഗ്ഗീസ് വൈദ്യർ : വയനാട്ടിൽ ഏതാണ്ട് 1500 കോളനികൾ ഉണ്ട്; 1,15,000 വീടുകളുമുണ്ട്. 500 ആൾക്ക് ഒരു മൊബൈൽ മെഡിക്കൽ വാഹനം എന്ന നിലയ്ക്ക് രോഗികളെ പരിശോധിക്കാൻ സൗകര്യമുണ്ടാക്കുന്നതിന് ഒരു ഉത്തരവു ഉണ്ടാക്കുന്നതിനോ അല്ലെങ്കിൽ അങ്ങനെയുള്ള ഒരു വ്യവസ്ഥ നടപ്പിലാക്കുന്നതിനോ തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇപ്പോഴുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകളെല്ലാം പ്രവർത്തനരഹിതമായിട്ട് കിടക്കുകയാണ്. ഉള്ള മൊബൈൽ യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുകയാണ് ആദ്യലക്ഷ്യം. അതിനുശേഷം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. വർഗ്ഗീസ് വൈദ്യർ : ഞാൻ ചോദിച്ചത് വയനാട് ജില്ലയിൽ എത്ര മൊബൈൽ മെഡിക്കൽ യൂണിറ്റ് ഉണ്ടെന്ന് അറിയാൻ വേണ്ടിയാണ്. അവിടെയൊന്നും നടക്കുന്നില്ല. അതിനുള്ള പരിഹാരമാർഗ്ഗമെന്നുള്ള നിലയ്ക്ക് മൊബൈൽ മെഡിക്കൽ വാഹനം ഉപയോഗിക്കാൻ കഴിയുമോ; അല്ലെങ്കിൽ അതിനുള്ള എന്തെങ്കിലും പരിപാടി ആസൂത്രണം ചെയ്യുമോ? രോഗം വരാതിരിക്കാൻ മുൻകൂട്ടി അവർക്ക് ചികിത്സാ സൗകര്യമുണ്ടാക്കാൻ എന്തെങ്കിലും പരിപാടിക്ക് രൂപം കൊടുക്കാൻ കഴിയുമോയെന്നാണ് ഞാൻ ചോദിച്ചത്. അതിന് മറുപടി കിട്ടിയില്ല. എന്റെ രണ്ടാമത്തെ ചോദ്യത്തിന്റെയും ആവശ്യം അതുതന്നെ.

ശ്രീ. കെ. രാധാകൃഷ്ണൻ : നിലവിലുള്ള മെഡിക്കൽ യൂണിറ്റുകൾതന്നെ ഫലപ്രദമായിട്ടല്ല പ്രവർത്തിക്കുന്നത്. വാഹനം ശരിയാകുമ്പോൾ ഡോക്ടർ ഉണ്ടാവുകയില്ല, ഡോക്ടർ വരുമ്പോൾ നഴ്സ് ഉണ്ടാവുകയില്ല. അതുകൊണ്ട് അതിന്റെ പ്രവർത്തനം വേണ്ടരീതിയിൽ അല്ല നടക്കുന്നത്. വാഹനവും ഡോക്ടറുമെല്ലാം ഉള്ളപ്പോൾ ഡീസലിന്റെ കുറവുണ്ടാകും. അങ്ങനെ അതിന്റെ പ്രവർത്തനം നിർജ്ജീവമായി കിടക്കുകയാണ്. ഉള്ള യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതോടൊപ്പംതന്നെ ആദിവാസിമേഖലയിൽ രോഗപ്രതിരോധത്തിനുവേണ്ടി മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly.

ശ്രീ. എൻ. കണ്ണൻ : സർ, മലപ്പുറം ജില്ലയിൽ ഭൂരിപക്ഷം വരുന്ന ആദിവാസികൾ മലമുത്തൻമാരാണ്. ഇവർക്ക് കഴിഞ്ഞ കാലങ്ങളിൽ ആദിവാസികളുടെ ആനുകൂല്യം കിട്ടിയിരുന്നു. അവർക്ക് കിട്ടിക്കൊണ്ടിരുന്ന വൈദ്യസഹായം ഇന്ന് ലഭിക്കാത്തതുകൊണ്ടുതന്നെ മാരകമായ രോഗങ്ങൾ വന്നുകൊണ്ടിരിക്കുന്നു. കുഷ്ഠരോഗം, ക്ഷയരോഗം എന്നിവ അവിടെ പടർന്നു പിടിച്ചു കൊണ്ടിരിക്കുകയാണ്. ഈ ആദിവാസികൾക്ക് കഴിഞ്ഞകാലത്ത് കിട്ടിയ ആനുകൂല്യങ്ങൾ തുടർന്നു കൊടുത്തുവെങ്കിലേ ഇന്ന് അവർക്ക് ചികിത്സയ്ക്കായി പൈസ ചെലവാക്കാൻ സാധിക്കുകയുള്ളൂ. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനം അടിയന്തിരമായി നടപ്പാക്കി ഈ ആദിവാസികളുടെ രോഗം മാറ്റുന്നതിന് വേണ്ടി ഡോക്ടർമാരെ നിയമിക്കുകയും മറ്റ് സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : മലമുത്തന്മാരായ ആദിവാസികളല്ലാത്ത ആളുകൾക്ക് ഇതുവരെ ആദിവാസികളുടെ ആനുകൂല്യം ലഭിച്ചിരുന്നു. അതു സംബന്ധിച്ച് തർക്കങ്ങൾ നിലനിൽക്കുകയാണ്. ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. എൻ. കണ്ണനും ഇക്കാര്യം ചർച്ച ചെയ്യാൻ തയ്യാറായിട്ടുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ഇതുവരെ ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ തുടർന്നു ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. എൻ. കണ്ണൻ : കൂടുതൽ ആദിവാസികൾ താമസിക്കുന്ന അട്ടപ്പാടി മേഖലയിൽ ആദിവാസികൾക്ക് ചികിത്സ ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്; അതുപോലെ അവിടെ ഹെൽത്ത് പ്രോജക്ട് ഉണ്ട്. അതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നില്ല എന്നാണ് പറയുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിച്ചിട്ടില്ലെങ്കിലും സംസ്ഥാന ഗവൺമെന്റ് ഇത് നടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : അട്ടപ്പാടിയിൽ അടുത്തകാലത്തുണ്ടായ അനീമിയ രോഗത്തെ സംബന്ധിച്ച് പഠിക്കാൻ വിദഗ്ദ്ധരായിട്ടുള്ള ഡോക്ടർമാരുടെ ഒരു സംഘത്തെ നിയോഗിക്കുകയുണ്ടായി. അവർ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഊരുകളിലും ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതോടൊപ്പംതന്നെ ആദിവാസി മേഖലയിൽ കൂടുതൽ ആരോഗ്യപ്രവർത്തനങ്ങൾക്കുവേണ്ടി വോളന്റിയർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പംതന്നെ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടു കൂടി വിപുലമായിട്ട് ഒരു ആശുപത്രി നിർമ്മിക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിച്ചിട്ടില്ലെങ്കിലും സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഒരു സ്പെഷ്യാലിറ്റി ആശുപത്രി അവിടെ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തുവരികയാണ്. ആദ്യഘട്ടമെന്നുള്ള നിലയ്ക്കാണ് ഒ.പി. വിഭാഗം തുടങ്ങി അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, നിലമ്പൂരിൽ പതിനായിരത്തിൽപ്പരം ആദിവാസികളുണ്ട്. അവർക്ക് ഒരുകാലത്ത് ലെപ്രസി തുടങ്ങിയ രോഗങ്ങൾ ഉണ്ടായതുകൊണ്ട് അവർക്കുവേണ്ടി ഒരു മൊബൈൽ യൂണിറ്റ് സ്ഥാപിക്കുക

യുണ്ടായി. ഇന്ന് ആ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. ചാലിയാർ, ചുങ്കത്തറ, എടക്കര, വഴിക്കടവ്, കരുളായി, അമരമ്പലം, കാളികാവ് തുടങ്ങിയ മലയോരപ്രദേശങ്ങളിൽ പതിനായിരത്തിൽപ്പരം ആദിവാസികൾ താമസിക്കുകയാണ്. അവർക്ക് ഒരിക്കലും നിലമ്പൂർ ആശുപത്രിയിൽ വരാൻ സാധിക്കുകയില്ല. അതുകൊണ്ട് ആ മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനം വീണ്ടും തുടങ്ങാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : അതിനെ സംബന്ധിച്ച് ഞാൻ നേരത്തെ വ്യക്തമാക്കിയതാണ്. ആരോഗ്യവകുപ്പിന്റെ കീഴിൽ ആകെ 13 മെഡിക്കൽ മൊബൈൽ യൂണിറ്റുകൾ ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ രണ്ട് മൊബൈൽ യൂണിറ്റുകളുണ്ട്. ഈ 15 മെഡിക്കൽ മൊബൈൽ യൂണിറ്റുകളെ കാര്യക്ഷമമാക്കി പ്രവർത്തിപ്പിച്ചുകൊണ്ട് ഇവരുടെ ആരോഗ്യപ്രവർത്തനങ്ങൾ കൂടുതൽ മുന്നോട്ടു കൊണ്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിൽ, ചോക്കാടിൽ, ഒരു ആശുപത്രി പണിതിട്ടുണ്ട്. പണിതിട്ട് കൊല്ലങ്ങൾ കുറെയായി. ആദിവാസികൾക്കുവേണ്ടി ലക്ഷക്കണക്കിന് രൂപ മുടക്കി പണിതിട്ട ഹോസ്പിറ്റലാണ്. അത് ഇതുവരെ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. അത് തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്; എത്രയും പെട്ടെന്ന് തുറന്നു പ്രവർത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഇടുക്കി ജില്ലയിൽ വിദ്യാർത്ഥികളെ തെരഞ്ഞെടുത്തുകൊണ്ട് ആദിവാസി കോളനികളിൽ അത്യാവശ്യം വൈദ്യസഹായം നൽകാൻ അവരെ പ്രാപ്തരാക്കുന്ന ഒരു നടപടി സ്വീകരിക്കുകയുണ്ടായി. അതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; അത് സംസ്ഥാനതലത്തിൽ പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സംസ്ഥാനതലത്തിലാണ് നടപ്പാക്കുന്നത്. ഇടുക്കി, വയനാട്, അട്ടപ്പാടി എന്നിവിടങ്ങളിലാണ് അതിന്റെ ആദ്യ പദ്ധതി തുടങ്ങിയത്. കൂടുതൽ ഫലപ്രദമാക്കാനുള്ള നടപടികൾ സ്വീകരിക്കും.

<u>ഡോ. എം.എ. കുട്ടപ്പൻ</u> : സർ, അട്ടപ്പാടി മേഖലയിലേയും പത്തനംതിട്ട ജില്ലയിലെ മൂഴിയാറിനടുത്തുള്ള സായിപ്പും കുഴി ട്രൈബൽ കോളനിയിലെയും ചില വിഭാഗം ട്രൈബ്സ് വംശനാശഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. അട്ടപ്പാടിയിലെ കുറെ ആദിവാസികൾക്ക് സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ അനീമിയ ഉണ്ടായിരിക്കുന്നു. അതായത് ആർ.ബി.സി. ക്കകത്ത് റൗണ്ട് കാണുന്നതിനുപകരം അരിവാളാണ് കാണുന്നത്. ആ ആദിവാസികൾ ഇന്ന് വംശഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. പത്തനംതിട്ട ജില്ലയിലെ മൂഴിയാറിനടുത്തുള്ള സായിപ്പുംകുഴി മലംപണ്ടാര കോളനിയിലുള്ള രണ്ടുപേർ മരിച്ചുകഴിഞ്ഞു. ബാക്കിയുള്ള ആളുകളെ പത്തനംതിട്ട ആശുപത്രിയിൽ പ്രവേശിപ്പിച്ചുകഴിഞ്ഞു. ഇവരെ രക്ഷിക്കാൻ അടിയന്തിരമായി വളരെ ഗൗരവമുള്ള ഒരു ആരോഗ്യരക്ഷാ പരിപാടി ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സിക്കിൾസെൽ അനീമിയ അട്ടപ്പാടിയിൽ മാത്രം കണ്ടുവരുന്ന ഒരു രോഗമല്ല. നമ്മുടെ മറ്റ് ആദിവാസി മേഖലകളിലുണ്ട്; ഇൻഡ്യയിലുണ്ട്, ലോകത്തെല്ലാമുണ്ട് എന്നാണ് പറയുന്നത്. അതിന് ഫലപ്രദമായ മെഡിസിൻ ഇന്നുവരെ ലോകത്ത് ഒരിടത്തും കണ്ടുപിടിച്ചിട്ടില്ല. അതിന് ഫലപ്രദമായ ചികിത്സ എന്നു പറയുന്നത്, ഒരേ രക്ത ഗ്രൂപ്പിൽപെട്ടവർ തമ്മിൽ വിവാഹം കഴിക്കാതിരിക്കുകയാണ്. അതിനുള്ള ചികിത്സാ സമ്പ്ര

LIBRARY ARCHIVES Kerala Legislative Assembly

ദായം നമ്മുടെ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. അതുപോലെ ആയുർവേദത്തിലും ഇതു സംബന്ധിച്ച് ചെറിയ പരീക്ഷണം നടന്നുവരികയാണ്. ആയുർവേദത്തിൽ അല്പം മാറ്റം ഉണ്ടാക്കാൻ കഴിയുമെന്നുള്ള പ്രതീക്ഷയുണ്ട്. അതുകൊണ്ട് ആയുർവേദ ചികിത്സയും ഹോമിയോ ചികിത്സയുമെല്ലാം യോജിപ്പിച്ചുകൊണ്ട് സിക്കിൾസെൽ അനീമിയക്കെതിരെ ചികിത്സാ സമ്പ്രദായം ഡവലപ്പ് ചെയ്യാൻവേണ്ടിയുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. സായിപ്പുംകുഴിയിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ സിക്കിൾസെൽ അനീമിയ പിടിച്ചല്ല മരിച്ചത്; പ്രകൃതിക്ഷോഭത്തിന്റെ ഭാഗമായാണ് അവിടെ മരണം സംഭവിച്ചത് എന്നാണ് കിട്ടിയ റിപ്പോർട്ട്.

<u>ശ്രീ. എ. കണാരൻ</u> : ആദിവാസി വിഭാഗങ്ങളെ കോളനികളിലാക്കി തിരിക്കുന്നതിന്റെ ഫലമായി അവർക്ക് അധമബോധവും അധകൃതബോധവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് അവരെ പൊതുജീവിതത്തിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി; അവർക്ക് കൂട്ടായ ജീവിതം ഉണ്ടാക്കിക്കൊടുക്കാൻ വേണ്ടി കോളനി സിസ്റ്റം അവസാനിപ്പിച്ച് എല്ലാ ജനവിഭാഗങ്ങളെയും കൂടി ഒന്നായിച്ചേർത്ത് ജീവിക്കാനുള്ള അവസ്ഥ ഉണ്ടാക്കിക്കൊടുത്തുകൂടേ; പണ്ട് മഹാത്മാഗാന്ധിക്ക് തോന്നിയ ഏർപ്പാടാണ് ഇത്. മഹാത്മാഗാന്ധിയും കോളനി സിസ്റ്റത്തെ എതിർത്തിട്ടുണ്ട്; അംബേദ്കർക്ക് തോന്നിയപ്പോൾ അവരെ പൊതുധാരയിൽനിന്ന് ഒറ്റപ്പെടുത്താൻ പാടില്ലായെന്ന് അന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. ഗാന്ധിജി പിന്നീട് അംബേദ്കറുടെ ആശയത്തോട് യോജിച്ച് സമ്മതിച്ചുകൊടുത്തു. കാലം കഴിഞ്ഞിട്ടും അവർ അധമബോധത്തിലും അധകൃത ബോധത്തിലും നിൽക്കുന്നതുകൊണ്ട് അവരെ പൊതുധാരയിൽ കൊണ്ടുവരുന്നതിനുവേണ്ടി മന്ത്രി എന്തെങ്കിലും പരിപാടി തയ്യാറാക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ആദിവാസികൾ ചരിത്രപരമായി കൂട്ടത്തോടെ ഒരുമിച്ച് താമസിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഇവരെ പെട്ടെന്ന് മാറ്റി താമസിപ്പിക്കുകയെന്നത് പ്രായോഗികമായി ഒട്ടേറെ ബുദ്ധിമുട്ടുകളുണ്ടാക്കും. അവർ അതിന് സ്വയം സന്നദ്ധരാകാറില്ല. സന്നദ്ധമായാൽ തന്നെ അവർക്ക് വേണ്ടത്ര സൗകര്യം ചെയ്തുകൊടുക്കാൻ നമുക്ക് കഴിയുന്നില്ലയെന്ന കുറവുമുണ്ട്. ഇത് രണ്ടുംകൂടി പരിഗണിച്ചുകൊണ്ട് സ്കാറ്റേർഡ് ഏരിയാകളിൽ ഇവരെ താമസിപ്പിക്കുന്ന കാര്യം പരിഗണിച്ചുവരുന്നുണ്ട്. അത്തരത്തിലുള്ള പ്രവർത്തനം നടത്തുന്നത് നല്ലതുതന്നെയാണ് എന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

<u>ശ്രീ. സി. മൊയീൻകുട്ടി</u> : ട്രൈബൽ കോളനികളിൽ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പതിറ്റാണ്ടുകളായി സ്വീകരിച്ചുവന്ന ബോധവൽക്കരണ പരിപാടി പരാജയപ്പെട്ട സാഹചര്യത്തിലും ഈ ട്രൈബൽ കോളനികളിലുള്ള മൊബൈൽ യൂണിറ്റ് പ്രവർത്തനരഹിതമായ സാഹചര്യത്തിലും മെഡിക്കൽകോളേജുകളിലെ പ്രഗത്ഭരായ ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി മാസത്തിലൊരിക്കലെങ്കിലും ഒരു ക്യാമ്പ് പ്രസ്തുത കോളനികളിൽ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ഞാൻ ഇത് നേരത്തേ വ്യക്തമാക്കിയതാണ്. എല്ലാ റിമോട്ട് ഏരിയായിലും ആദിവാസി കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള എല്ലാ നടപടികളും എടുക്കുന്നതാണ്.

<u>ശ്രീ. ജോസ് ബേബി</u> : നമ്മുടെ പട്ടികവർഗ്ഗ കോളനികളിലെ ആരോഗ്യ പരിരക്ഷയെക്കുറിച്ച് പറഞ്ഞപ്പോൾ അഗളിയിൽ പുതുതായി ആരംഭിച്ച ആശുപത്രിയുടെ ഒ.പി. ക്ലിനിക്കിന്റെ കാര്യം പറയുകയുണ്ടായി. ഇപ്പോൾ നില

LIBRARY ARCHIVES Kerala Legislative Assembly

വിൽവന്ന ഈ ആശുപത്രി തുടർന്നു പ്രവർത്തിക്കാൻ ആവശ്യമായ മുഴുവൻ സ്റ്റാഫുമില്ല. അവിടെ സ്റ്റാഫിനെ പുതുതായി നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പംതന്നെ വേറൊരു പ്രശ്നം, അതിന്റെ ചുറ്റു ഭാഗത്തുമുള്ള ആദിവാസികളല്ലാത്ത ആളുകൾക്ക് ഈ ആശുപത്രിയിൽ പോയി ചികിത്സിക്കാൻ ഇപ്പോൾ നിർവാഹമില്ല എന്ന സ്ഥിതിവിശേഷമുണ്ട് എന്നതാണ്. തൊട്ടുമുമ്പിലത്തെ വീട്ടിലെ ആളുകൾക്കുപോലും അസുഖം വന്നു കഴിഞ്ഞാൽ അവിടത്തെ ഡോക്ടർ നോക്കുന്നില്ല; മരുന്ന് കൊടുക്കുന്നില്ല എന്ന ദുഃഖകരമായ ഒരു അവസ്ഥയുണ്ട്. അതിനുകൂടി ഒരു പരിഹാരം ഉണ്ടാക്കുവാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : അവിടെ സ്റ്റാഫിനെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആദിവാസികൾ അല്ലാത്ത ആളുകൾക്ക് ആ സ്ഥാപനത്തിൽ ചികിത്സ കൊടുക്കണമെന്നുള്ളത് വളരെ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ചികിത്സ കൊടുക്കാം പക്ഷേ മരുന്നു കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്. ആദിവാസികളുടെ ഫണ്ട് മറ്റുള്ള വിഭാഗത്തിലേക്ക് ഡൈവർട്ട് ചെയ്യുന്നത് ശരിയല്ല. മരുന്നു കൊടുക്കാൻ നിർവാഹമില്ല. എന്തെങ്കിലും അസുഖം വന്നാൽ ചികിത്സ നൽകാം.

<u>ശ്രീമതി കെ.ആർ. ഗൗരിഅമ്മ</u> : ഡോക്ടർമാർക്ക് മരുന്നിന് ആവശ്യമുള്ള ഇൻഡന്റ് എടുക്കാം എന്നാണ് നേരത്തേ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത്. സാധാരണ ഇൻഡന്റ് എഴുതാറില്ല. ഹരിജൻ-ഗിരിജൻ വിഭാഗങ്ങൾക്ക് പ്രത്യേകമായി ബഡ്ജറ്റിൽ പണം കൊള്ളിക്കാറുണ്ട്. ആ പണം കൊള്ളിക്കുന്നത് എന്തുകൊണ്ട് കുറഞ്ഞുവരുന്നു? അവരുടെ സംഖ്യ കുറഞ്ഞിട്ടാണോ; മരുന്നിന്റെ വില കുറഞ്ഞിട്ടാണോ? ഏതാണ് സത്യം.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ആരോഗ്യ വകുപ്പിലുള്ള പൈസ കുറഞ്ഞു വരുന്നുവെന്നുള്ളത് ശരിയല്ല. ആവശ്യാനുസരണം എത്ര പൈസ വേണമെങ്കിലും കൊടുക്കാൻ മാറ്റിവച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന് പൈസ കുറവുകൊണ്ട് യാതൊരു തടസ്സവുമില്ല. കഴിഞ്ഞ കാലങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായിക്കൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽത്തന്നെ 11 ശതമാനത്തിലധികം തുക മാറ്റിവച്ചിട്ടുണ്ട്.1996 വരെ 10% സംഖ്യയാണ് മാറ്റിവച്ചിരുന്നത്. അതിൽനിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റു വന്നശേഷം 12.5% ആദ്യത്തെ വർഷവും അതിന്റെ പിറ്റേവർഷം 11 ശതമാനത്തിലധികവും ഈ വർഷം 11.05 ശതമാനവും മാറ്റിവച്ചിട്ടുണ്ട്.

6 (*316) വൈദ്യുതി അദാലത്തുകൾ

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> :
<u>ശ്രീ. കെ. പ്രകാശ് ബാബു</u> :
<u>ശ്രീമതി ആർ. ലതാദേവി</u> :
<u>പ്രൊഫ. മീനാക്ഷി തമ്പാൻ</u> :
<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് വൈദ്യുതി അദാലത്തുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly